**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1169** **07-10-2021 - ൽ മറുപടിയ്ക്ക്**

**തിരുവാങ്കുളം ബൈപാസ് റോഡ് നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പിറവം മണ്ഡലത്തിലെ തിരുവാങ്കുളം ബൈപാസ് റോഡ് നിർമാണത്തിന്റെ നിലവിലെ സ്ഥിതി ഫയൽ നമ്പർ സഹിതം അറിയിക്കാമോ; | (എ) | പ്രസ്തുത പദ്ധതിക്ക് 10.07.2017-ലെ സ.ഉ(സാധാ)നം. 942/2017/പൊമവ ഉത്തരവ് പ്രകാരം 75 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നതും 12.02.2021 -ലെ സ.ഉ(സാധാ)നം. 188/2021/പൊമവ ഉത്തരവ് പ്രകാരം പ്രസ്തുത ഭരണാനുമതിയുടെ കാലയളവ് പുതുക്കിയിട്ടുള്ളതുമാണ്. പദ്ധതിയുടെ KRFB-യിലെ ഫയൽ നമ്പർ 189/PWD015-00/182R/EKM/2018 ആണ്. പദ്ധതിയുടെ പുതുക്കിയ അലൈൻമെന്റ് പ്രൊപ്പോസൽ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് പൊതുമരാമത്ത് ഡിസൈൻ വിഭാഗം അന്തിമ രൂപരേഖ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ; | (ബി) | സമർപ്പിച്ചിട്ടില്ല |
| (സി) | പ്രസ്തുത ബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിലേക്കായി നിലവിൽ എന്തെല്ലാം പ്രതിസന്ധികളാണ് പരിഹരിക്കേണ്ടത്; വിശദമാക്കാമോ? | (സി) | പ്രസ്തുത റോഡിന്റെ അലൈൻമെന്റ് ചതുപ്പ് നിലത്തിലൂടെ ആയതിനാലും എൽ.പി.ജി പൈപ്പ് ലൈൻ സപ്പോർട്ട് ചെയ്യേണ്ടതിനാലും സാധാരണ രീതിയിലുള്ള നിർമ്മാണ പ്രക്രിയ നിലവിലുള്ള അലൈൻമെന്റിൽ പ്രാവർത്തികമല്ല എന്ന് പി.ഡബ്ല്യൂഡി ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റീ അലൈൻമെന്റിന്റെ ഡീറ്റൈൽഡ് ഇൻവെസ്റ്റിഗേഷൻ നടത്തി എക്സ്പെർട്ട് ജിയോ ടെക്നിക്കൽ കൺസൾട്ടന്റിന്റെ ശിപാർശ സഹിതം സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിലേക്കുള്ള നടപടികൾ സ്വീകരിച്ച് റീ-അലൈൻമെന്റ് പ്രൊപോസൽ ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകി ഡി.പി.ആർ. ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ